DESPATCHED
14/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ **AP.No. 2068(5)/16/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 5742/SIC-G7/2016

സന്നിഹിത
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി – 10.12.2022**

**ശ്രീ. കൃഷ്ണൻ നമ്പൂതിരി. പി.ഇ,**
**നന്തീശ്വരം എസ്.എസ് ടെമ്പിൾ (നോർത്ത്)**
**പയ്യന്നൂർ, കണ്ണൂർ.** — **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം, തിരുവനന്തപുരം.**

**അപ്പീൽ അധികാരി & രജിസ്ട്രാർ,**
**കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ i/c**
**കേരള സർവ്വകലാശാല, തിരുവനന്തപുരം.** — **എതിർകക്ഷികൾ**

## ഉത്തരവ്

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, ഒ.ആർ.ഐ&എം എസ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള 3340, 3341 നമ്പർ താളിയോല ഗ്രന്ഥങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നാണ്. പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് ഒ.ആർ..ഐ.എം.എസ് ലൈബ്രറി മേധാവിയ്ക്ക് ടിയാൻ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പിനായി അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന ഗ്രന്ഥങ്ങൾ ഗവേഷണ ആവശ്യത്തിനായി നേരിട്ട് എത്തുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാത്രമാണ് ലഭ്യമാക്കുന്നതെന്നും വ്യക്തികൾക്കോ മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്കോ പകർപ്പ് നൽകാറില്ലെന്നും വകുപ്പ് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിവരം ഹർജിക്കാരനെ അറിയിച്ചതായും കാണുന്നു.

2. തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചപ്പോൾ ഒ.ആർ.ഐ.&എം.എസ് ലൈബ്രറി മേധാവിയോട് വിശദീകരണം തേടുകയും വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് 3340, 3341 നമ്പർ താളിയോല ഗ്രന്ഥങ്ങൾ ജീർണ്ണാവസ്ഥയിലായതിനാൽ പകർപ്പെടുക്കുന്നതിനോ സ്കാൻ ചെയ്യുന്നതിനോ കഴിയുന്ന അവസ്ഥയിൽ

അല്ലായെന്നും നിലവിലെ സാഹചര്യത്തിൽ പകർപ്പ് നൽകുവാൻ സാധിക്കുകയില്ലാ യെന്നും അറിയിച്ചുകൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കുകയുണ്ടായി.

3. ലൈബ്രറി അന്താരാഷ്ട്രാ നിലവാരമുള്ള ഗവേഷണസ്ഥാപനമാണെന്നും ഒരു ഗവേഷണ മാർഗ്ഗ നിർദ്ദേശകന്റെ സാക്ഷ്യപത്രം സ്വീകരിച്ച് ഗവേഷണ ആവശ്യ ങ്ങൾക്കായി മാത്രമാണ് പകർപ്പുകൾ നൽകുന്നതെന്നും വ്യക്തികൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ എഡിറ്റ് ചെയ്ത് പ്രസാധനം നടത്തുവാനോ ലേഖനങ്ങളുടെ രചനയ്ക്കായോ ഗ്രന്ഥങ്ങളുടെ പകർപ്പ് നൽകാറില്ലായെന്നും ഒന്നാം എതിർകക്ഷി അറിയിക്കുന്നുണ്ട്.

4. 2016 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലിൻമേൽ സാങ്കേതിക കാരണങ്ങളാൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യ ത്തിൽ, അപേക്ഷയുമായി ബന്ധപ്പെട്ട എസ്.പി.ഐ.ഒയുടെ മൊഴി, ഒന്നാം അപ്പീൽ അധികാരിയുടെ റിപ്പോർട്ട് എന്നിവ അംഗീകരിച്ചും ഹർജിക്കാരൻ 19.02.2021 തീയതി കമ്മീഷൻ മുമ്പാകെ നൽകിയ കത്ത് പരിഗണിച്ചും ഈ അപ്പീൽ ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2022 ഡിസംബർ മാസം 10 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT.